പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. **5282** **27.07.2015**-ൽ മറുപടിക്ക്

<u>അപേക്ഷാഫാറങ്ങൾ ലഭ്യമാക്കുവാൻ നടപടി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ജില്ലാ/സബ് രജിസ്ട്രാർ ആഫീസുകളിൽ നിന്നും പൊതുജനത്തിന് ലഭിക്കേണ്ടതായ സേവനങ്ങളിൽ പലതിനും ആവശ്യമായ നിശ്ചിതമാതൃകയിലുള്ള അപേക്ഷകൾ പ്രസ്തുത ആഫീസുകളിൽ ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പ്രസ്തുത ആഫീസുകളെ "കടബാദ്ധ്യത സർട്ടിഫിക്കറ്റ്" പോലെയുള്ള പലതരം ആവശ്യങ്ങൾക്കായി സമീപിക്കുമ്പോൾ നിശ്ചിതമാതൃകയിലുള്ള ഫാറങ്ങൾ ലഭ്യമല്ലെന്നും അടുത്തുള്ള വെണ്ടർ ലൈസൻസിയെ സമീപിക്കുവാനും നിർദ്ദേശം നൽകി ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) അത്തരം പരാതികൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാനുമായി പ്രസ്തുത ആഫീസുകളിലെ നോട്ടീസ് ബോർഡുകളിൽ നിശ്ചിത മാതൃകയിലുള്ള അപേക്ഷകളുടെ പകർപ്പ് പ്രദർശിപ്പിക്കുന്നതിനോ, നിശ്ചിത | (സി) നിശ്ചിതമാതൃകയിലുള്ള അപേക്ഷകളുടെ പകർപ്പ് എല്ലാ ജില്ലാ/സബ് രജിസ്ട്രാർ ആഫീസുകളിലെയും നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ അപേക്ഷകളുടെയും പകർപ്പ് രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | ഫീസ് ഈടാക്കി പ്രസ്തുത ആഫീസുകളിൽ നിന്നുതന്നെ വിതരണം ചെയ്യുന്നതിനോ നടപടി സ്വീകരിക്കുമോ ; | | വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിലും ലഭ്യമാണ്. |
| (ഡി) | അപേക്ഷാഫാറങ്ങൾക്കായി വെണ്ടർ ലൈസൻസികൾ അന്യായമായ ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ? | (ഡി) | അത്തരം പരാതികൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ